നാട്ടുവിശേഷം മാള



# അഭയമരുളുന്ന നാട്

■ സണ്ണി ജോസഫ്

ഹരിതാഭമായ വയലേലകളാലും, ഇളംകാറ്റിൽ നൃത്തമാടുന്ന തെങ്ങിൻ തോപ്പുകളാലും, ഋതുപുഷ്പാലംകൃതമായ മേടുകളാലും നിറഞ്ഞ സസ്യശ്യാമള കോമളവതിയായിരുന്നു എന്റെ മാള. എന്നാൽ, ഇന്നതിന്റെ മുഖച്ഛായ തികച്ചും മാറിയിരിക്കുന്നു. അതിന്റെ പ്രകൃതിരമണീയത ഏറെ നഷ്ടപ്പെട്ടുവെങ്കിലും വികസനത്തിന്റെ കാഴ്ചപ്പാടിലൂടെ വീക്ഷിച്ചാൽ നാട്ടുകാർക്ക് ആഹ്ലാദിക്കാൻ ഏറെയുണ്ടുതാനും. കുണ്ടനിടവഴിയിലേക്ക് തലനീട്ടുന്ന പാമ്പുകളെകണ്ട് ഭയന്നും, അവയുടെ വർഗ ശത്രുക്കളായ കീരികളെ സ്നേഹിച്ചും, തവളകളുടെ താരാട്ടു പാട്ടുകേട്ടും, പൂമ്പാറ്റകളോടും, വർണക്കുരുവികളോടും സല്ലപിച്ചും, കണ്ണിൽ കണ്ട മാവുകളിലൊക്കെ കല്ലെറിഞ്ഞും, ഒരു ഫർലോങ്ങോളം ദൂരം മുട്ടിനൊപ്പം വെള്ളം നിറഞ്ഞ തോട് നീന്തിക്കടന്നുമായിരുന്നു അന്നൊക്കെ ഞങ്ങൾ 'കുട്ടിക്കുറുമ്പ'ന്മാർ പള്ളിക്കൂടത്തിലെത്തിയിരുന്നത്.

വഴിക്കിരുവശത്തും കൈതക്കാടുകളും, അതിനുമപ്പുറം ചുവന്നതും, വെള്ളയുമായ ആമ്പൽപ്പൂക്കൾ വിരിഞ്ഞു സുഗന്ധം പരത്തുന്ന ചാലുകളുമൊക്കെ മാളയുടെ പ്രത്യേകതകളായിരുന്നു.

മാളയെക്കുറിച്ച് ഓർക്കുമ്പോൾ ആദ്യം എത്തുന്നത് മാളയുടെ നാഡിമിടിപ്പ് അറിഞ്ഞിരുന്ന ലീഡർ കെ. കരുണാകരനും മലയാള ചലച്ചിത്രവേദിയിലെ ഹാസ്യനടനായി പ്രശോഭിക്കുന്ന എന്റെ സതീർഥ്യൻ മാള അരവിന്ദനുമാണ്. 1989-ൽ ഞാനും കുടുംബവും ഗൾഫിലേക്ക് ലീവ് കഴിഞ്ഞ് പോകവേ ആറ്റിങ്ങലിൽ വച്ച് ഞങ്ങൾ സഞ്ചരിച്ചിരുന്ന കാർ ഒരു ബസുമായി കൂട്ടിയിടിച്ച് എന്റെ ഭാര്യയും ജ്യേഷ്ഠനും, കാറിന്റെ ഡ്രൈവറും തൽക്ഷണം മരിച്ചു. ഞാനും മകളും ജ്യേഷ്ഠന്റെ മകനും റോഡിലേക്ക് തെറിച്ചു വീണു പരുക്കേറ്റ് മെഡിക്കൽ കോളേജിലുമായി. അന്ന് അവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കാനും പരിക്കേറ്റവർക്ക് അടിയന്തര ശുശ്രൂഷ ശീഘ്രം ലഭിക്കാനും കെ. കരുണാകരൻ കാണിച്ച ശുഷ്കാന്തിക്ക് എത്ര നന്ദിപറഞ്ഞാലും മതിയാകില്ല. മാള അരവിന്ദനും ഞാനും മാള സെന്റ് ആന്റണീസ് സ്കൂളിന്റെ ഉല്പന്നങ്ങളാണ്. ഞങ്ങൾ സ്കൂൾ യുവജനോത്സവങ്ങളിൽ വിവിധ മത്സരയിനങ്ങളിൽ പങ്കെടുക്കാറുണ്ടായിരുന്നു.

ഇതുപോലുള്ള ഒരു ഡിസംബർ മാസത്തിലാണ് ഞാൻ വീട്ടുമുറ്റത്തെ അയനിപ്ലാവിൽ നക്ഷത്രം കെട്ടി ഉയർത്താൻ ശ്രമിക്കുന്നതിനിടയിൽ കൊമ്പൊടിഞ്ഞ് താഴെ വീണത്. അയനിപ്ലാവിൽ വലിയൊരു മുള വെച്ചുകെട്ടി അതിൽ 'കപ്പി'യുറപ്പിച്ച്, മണ്ണെണ്ണ നിറച്ച പാട്ടവിളക്കും കത്തിച്ചുയർത്തുന്ന ഹാൻഡ് മെയ്ഡ് നക്ഷത്രം ചിലപ്പോഴൊക്കെ മുകളിൽ എത്തുന്നതിനു മുൻപേ മറിഞ്ഞ് കത്തി ചാമ്പലാകുമായിരുന്നു. അന്ന് മാളയിൽ ഏറ്റവും ഉയരത്തിൽ പ്രകാശിച്ചുനിൽക്കുന്ന നക്ഷത്രം ഞങ്ങളുടേതായിരുന്നു.

മാളയിൽനിന്ന് അക്കാലത്ത് ബോട്ടുമാർഗം കൊച്ചിയിലേക്ക് യാത്ര പോകാമായിരുന്നു. അങ്ങനെയാണ് ഞങ്ങൾ സ്കൂളിൽനിന്നും കൊച്ചിയിലേക്ക് പിക്നിക്കിനു പോയത്. ത്രസിപ്പിക്കുന്ന ഒരു യാത്രയായിരുന്നു അത്. കൊച്ചിയും, എറണാകുളവും കണ്ടതിനുശേഷം രാത്രി ഭക്ഷണം കഴിഞ്ഞ് തിരിച്ചുപോരാനുള്ള ബദ്ധപ്പാടിൽ കുറച്ചുപേർ എൻജിൻ മുറിയുടെ മുകളിൽ ചൂടേറ്റ് ഇരിക്കുന്നതിനായി ഓടിവന്ന് ബോട്ടിൽ കയറവേ ബോട്ടും ജെട്ടിയും തമ്മിലുള്ള വിടവ് വലുതായി. ഞാൻ കാലുതെറ്റി ആ വിടവിലൂടെ കായലിൽ പതിച്ചു. ഭാഗ്യത്തിന് ബോട്ടിനു മുകളിൽ സ്രാങ്ക് ഇതെല്ലാം വീക്ഷിച്ചുകൊണ്ടിരുന്നതുകൊണ്ട് രണ്ടാവട്ടം മുങ്ങി നിവർന്നപ്പോഴേയ്ക്കും അയാളെന്നെ പൊക്കിയെടുത്തു. നീന്തലറിയാതിരുന്നതുകൊണ്ടാണ് ഞാനന്ന് രക്ഷപ്പെട്ടതത്രെ! അല്ലെങ്കിൽ നീന്താൻ ശ്രമിച്ച് കായലിലെ അടിയൊഴുക്കിൽപെടുമായിരുന്നു.

മാളയിലെ വിശുദ്ധ സെബസ്ത്യാനോസിന്റെ പെരുന്നാളും എനിക്ക് മറക്കാനാകില്ല. അന്നാണ് എല്ലാ വീടുകളിലും പടക്കവും പൂത്തിരിയും മറ്റും വാങ്ങിക്കുക. വർഷത്തിലൊരിക്കൽ ആഘോഷിക്കപ്പെടുന്ന അമ്പുപെരുന്നാളിന് ബന്ധുമിത്രാദികൾ എല്ലാവരേയും ക്ഷണിച്ചുവരുത്തും. മൂന്നു ദിവസം സന്തോഷത്തിമർപ്പിലാറാടും. ഇപ്പോഴും അമ്പുതിരുന്നാൾ യഥാവിധി ആഘോഷിക്കപ്പെടുന്നുണ്ടെങ്കിലും ഇന്നത് ഒരു യാന്ത്രികമായ ഏർപ്പാടായിമാറിയിരിക്കുന്നു.

'മാൽ- ആഗ' എന്ന് യഹൂദരാൽ പേരിട്ടുവിളിക്കപ്പെട്ടിരുന്നത് ലോപിച്ചാണ് 'മാള'യായിത്തീർന്നതെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഹിബ്രുഭാഷയിൽ ആ പേരിനർത്ഥം 'അഭയാർത്ഥികളുടെ സങ്കേതം' എന്നാണ്. അതിനെ അന്വർഥമാക്കിക്കൊണ്ട് മാളക്കാർ എന്നും പുറത്തുനിന്നും വരുന്നവർക്ക് അഭയവും, ആശ്രയവും ചൊരിയുന്നുണ്ട്. 'അതിഥി ദേവോ ഭവ:' എന്ന സൂക്തത്തിൽ അവർ വിശ്വസിക്കുന്നു.

'ഹോം, ഹോം സ്വീറ്റ് ഹോം' എന്ന് ആംഗലത്തിൽ പറയുന്നതുപോലെ, മാളയെ കുറിച്ചോർക്കുമ്പോഴൊക്കെ "ഒരു തേനീച്ചയുടെ മൂളൽ പൊടുന്നനെ കാതിൽ പതിക്കുന്നതുപോലെ ഭൂതകാലം തൊട്ടടുത്ത് ഉണരുന്നു" എന്ന വെർജീനിയ വൂൾഫിന്റെ വാചകം എനിക്കോർമ വരുന്നു. ●